ESTD:1976

കാരവൽ

1196 തുലാം 19, 1442 റ.അവ്വൽ 18, 2020 നവംബർ 4 ബുധൻ

# കോവിഡ് തകർത്ത സമൂഹത്തെ നികുതിയുടെ മറവിൽ കൊള്ളയടിക്കരുത്

**കോ**വിഡ് മഹാമാരി നിയന്ത്രണ വിധേയമായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ആശ്വാസം സമൂഹം അനുഭവിക്കുന്നുമുണ്ട്. അതേസമയം കോവിഡ് സമൂഹത്തിൽ ഉണ്ടാക്കിയ സാമൂഹ്യ-സാമ്പത്തിക പ്രതിസന്ധികൾ കൂടുതൽ രൂക്ഷമാവുകയാണ്. നാടിന്റെ നട്ടെല്ലായ വ്യാവസായിക-വ്യാപാര മേഖലകൾക്കു കോവിഡിനെക്കാൾ ഭീകരമായി സർക്കാർ സമീപനങ്ങളും നടപടികളും മാറുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അനിവാര്യമാണ്. നിമിഷം തെറ്റാതെ രോഗാണുക്കൾക്കെതിരെ നടപടി തുടരുന്നതിന് പണം വേണം. രാജ്യദ്രോഹ-പൗരാവകാശ ലംഘന പ്രവർത്തനങ്ങൾക്കെതിരെയുള്ള വിദഗ്ദ്ധ അന്വേഷണം തടസ്സപ്പെടുത്താൻ പൊള്ളയായ ഖജനാവിന്റെ അടിത്തട്ടു തൂത്തുവാരിയെടുത്തു ചെലവാക്കുന്ന സർക്കാർ, മനുഷ്യജീവനു ഭീഷണി ഉയർത്തുന്ന മഹാമാരിയിൽ നിന്നു ജനങ്ങളെ രക്ഷിക്കാൻ വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ പിഴിഞ്ഞെടുക്കുന്നു എന്നത് പരാതിയായി വ്യാപിക്കുന്നു. ഇതിനെതിരെ വ്യാപാരി വ്യവസായി ഏകോപന സമിതി ഇന്നലെ സംസ്ഥാന വ്യാപകമായി ഭരണസിരാകേന്ദ്രങ്ങൾ മുതൽ പ്രാദേശിക ഭരണ കേന്ദ്രങ്ങൾക്കു മുന്നിൽ വരെ കോവിഡ് മാനദണ്ഡം പാലിച്ചു ധർണ്ണ നടത്തി.

കോവിഡ് 19നെ സർക്കാർ ധനസമ്പാദന മാർഗ്ഗമാക്കിയിരിക്കുന്നുവെന്നതാണ് പ്രതിഷേധത്തിനു കാരണമായി അവർ എടുത്തുകാട്ടിയ പ്രധാന ആരോപണം. ഖജനാവിലേക്കു പണം എത്തിക്കുന്നതിനു പൊലീസ്, റവന്യൂ, നികുതി വകുപ്പുകൾക്കു സർക്കാർ ടാർജറ്റ് നിശ്ചയിക്കുകയും ഓരോ ദിവസവും ഇതിൽ ഓരോ വകുപ്പും പിഴയിനത്തിൽ ജനങ്ങളിൽ നിന്നും വ്യാപാര-വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പിടിച്ചു പറിച്ചു സർക്കാർ ഖജനാവിൽ അടയ്ക്കേണ്ട തുക തിട്ടപ്പെടുത്തിക്കൊടുക്കുകയുമായിരുന്നു എന്ന് വ്യാപാരികൾ ആരോപിക്കുന്നു.

ഇതിന്റെ ഫലമായി കടയ്ക്കു മുന്നിൽക്കൂടി നടന്നുപോവുന്നവർ മാസ്ക് കൃത്യമായി ഉപയോഗിച്ചില്ലെന്നാരോപിച്ചുവരെ വ്യാപാരിക്കു ഫൈനിടുകയും നിർബന്ധിച്ചു പണം പിടിച്ചു പറിക്കുകയാണെന്നും നേരത്തെ പരാതിയുണ്ട്. സർക്കാർ ജീവനക്കാരെക്കൊണ്ടു ഇത്തരത്തിൽ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യിച്ചതിന്റെ ഫലമല്ലേ, മുഖ്യമന്ത്രിയുടെ മുൻപ്രിൻസിപ്പൽ സെക്രട്ടറി ഇപ്പോൾ അഴി എണ്ണുന്നതെന്ന് അവർ ചൂണ്ടിക്കാട്ടുന്നുണ്ട്. ഭരണം ഭരണത്തെ എങ്ങനെ അഴിമതി ഭരണമാക്കുന്നുവെന്നതിന്റെ അനുഭവമാണിത്.

രണ്ടു വർഷം മുമ്പുണ്ടായ പ്രളയത്തിനു വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് ഇപ്പോഴും പ്രളയ സെസ് ഈടാക്കുന്നു. അതേസമയം പ്രളയത്തിൽ സർവ്വവും നഷ്ടപ്പെട്ട പലരും ഒരു സഹായവും കിട്ടാതെ ഇന്നും അശരണരായിക്കഴിയുന്നു. വ്യാപാരികൾ പ്രളയ സെസ് ഇനത്തിൽ സർക്കാർ നിർബന്ധത്തിനു വഴങ്ങി പ്രളയ നികുതി നൽകുമ്പോൾ അത്രയും തുക സാധനങ്ങൾ വാങ്ങുന്നവരിൽ നിന്ന് ഈടാക്കുന്നു. അതാവട്ടെ വിലക്കയറ്റത്തിനും കാരണമാവുന്നു. പ്രളയ ദുരിതം നേരിടുന്ന പാവങ്ങൾക്കു അത് ഇരുട്ടടിയുമാവുന്നു.

ജി.എസ്.ടി നടപ്പാക്കിയ സമയത്തുണ്ടായ പാകപ്പിഴകൾക്ക് ഇന്നും പിഴ ഈടാക്കുന്നു. മാത്രമല്ല, ജി.എസ്.ടി നിലവിൽ വന്നതോടെ അപ്രസക്തമായ വാറ്റിന്റെ മറവിലും പണം പിടുങ്ങുന്നു.

ഇതേസമയം കടകൾക്കു മുമ്പിൽ കടയിലെ വിൽപ്പനച്ചരക്കുകൾക്കു സമാനമായ സാധനങ്ങൾ തെരുവോര വാണിഭക്കാർ വിൽപ്പന നടത്തുന്നു. ഇത് എല്ലാ നികുതികളും പിഴയും കൊടുത്തു കച്ചവടം നടത്തുന്നവരുടെ കഞ്ഞികുടിയും മുട്ടിക്കുന്നു. ഒരു ലൈസൻസുമാവശ്യമില്ലാത്ത ആ കച്ചവടം പൊടിപൊടിക്കുമ്പോൾ വ്യാപാരിക്കു ലൈസൻസ് ഫീസും വർധിപ്പിക്കുന്നു.

സർക്കാരിന്റെ ഇത്തരം സമീപനങ്ങളെ ശരിവയ്ക്കാൻ സർക്കാരിനോ, സർക്കാർ വിലാസക്കാർക്കോ കഴിയുമെന്നു കരുതാനാവില്ല. ജനിച്ചവർക്കൊക്കെ ജീവിക്കണം-നിയമപരമായിത്തന്നെ. അതിനു നിയമം സത്യസന്ധവും നിഷ്പക്ഷവുമായി നടപ്പാക്കണം. അതിനു സംശുദ്ധ ഭരണം വേണം.

തമ്പ്രാൻ അൽപ്പം കട്ടു തിന്നുമ്പോഴാണ് അമ്പലവാസികളെല്ലാം കള്ളന്മാരാവുന്നത്. ഭരണക്കാർക്ക് അതറിയുമോ എന്ന് അറിയില്ല. പക്ഷേ, ജനങ്ങൾ അത് അറിഞ്ഞു തുടങ്ങിയിട്ടുണ്ട്.

*കേരളാ സ്റ്റേറ്റ് കോ- ഓപറേറ്റീവ് എംപ്ലോയീസ് സംഘം (ബി എം എസ്) കാസർകോട് ജില്ലാ കമ്മിറ്റിഭാരവാഹികളായി തിരഞ്ഞെടുത്ത പി മുരളീധരൻ (പ്രസി.), ജി രാമചന്ദ്രൻ(സെക്ര.), രാംകുമാർ (ട്രഷ.)*

# എവിടെ വിവാദമുണ്ടോ... അവിടെ ബിനീഷും ഉണ്ട് !

**എ**വിടെ വിവാദമുണ്ടോ... അവിടെ ബിനീഷ് കോടിയേരിയുമുണ്ട്. ഒരു സിനിമാനടൻ എന്നതിലപ്പുറം സി പി എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ മകൻ എന്ന താര പരിവേഷമാണ് ബിനീഷ് കോടിയേരി വിവാദങ്ങളിലും വാർത്തകളിലും നിറഞ്ഞു നിൽക്കാൻ കാരണം.

ബിനീഷ് കോടിയേരിക്ക് നേരെയുണ്ടാകുന്ന വിവാദങ്ങൾ മുൻ ആഭ്യന്തര മന്ത്രി കൂടിയായ പിതാവ് കോടിയേരി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ പാർട്ടിക്കും ഉണ്ടാക്കി വെക്കുന്ന ദുഷ്പേര് ചെറുതല്ല. ബിനീഷിനെതിരെ വിവാദങ്ങൾ കനക്കുമ്പോൾ സി പി എം നേതൃത്വം മൗനത്തിലാവുന്നതും ഇതുകൊണ്ടാണ്.

ഏറ്റവുമൊടുവിലായി തെന്നിന്ത്യൻ സിനിമാതാരങ്ങൾ ഉൾപ്പെട്ട ബംഗളൂരു ലഹരിമരുന്ന് കേസിലെ ഹവാല ഇടപാടുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് അറസ്റ്റ് ചെയ്തിരിക്കുകയാണ് കോടിയേരി ബാലകൃഷ്ണന്റെ മകനായ ബിനീഷിനെ ഇത്രയും നാൾ വിവാദങ്ങൾ മാത്രമായിരുന്നുവെങ്കിൽ ഇപ്പോഴിതാ മയക്കുമരുന്ന് കേസുമായി ബന്ധപ്പെട്ട് അറസ്റ്റിൽ തന്നെ ആയി. അറസ്റ്റിലായി ബംഗളൂരുവിൽ എൻഫോഴ്സ്മെന്റിന്റെ കസ്റ്റഡിയിൽ കഴിയുന്ന ബിനീഷ് കോടിയേരിക്കെതിരെ ഇ ഡി കോടതിയിൽ നൽകിയ റിപ്പോർട്ട് ഞെട്ടിപ്പിക്കുന്നതാണ്.

ഏഴുവർഷത്തിനിടെ മയക്കുമരുന്ന് ഇടപാടിലൂടെ അഞ്ചു കോടിയിലേറെ രൂപ ബിനീഷ് സമ്പാദിച്ചതായാണ് ഇഡിയുടെ ആരോപണം. മാത്രവുമല്ല, മയക്കുമരുന്ന് കേസിലെ രണ്ടാം പ്രതി കൊച്ചി സ്വദേശി അനൂപ് മുഹമ്മദുമായും മൂന്നാം പ്രതി റിജേഷ് രവീന്ദ്രനുമായും ചേർന്ന് റിയാൻഹ, യൂഷ് തുടങ്ങി വിവിധ പേരുകളിൽ ഇവന്റ് മാനേജ്മെന്റ് കമ്പനികൾ നടത്തിയിരുന്നതായും ഇ ഡി വെളിപ്പെടുത്തുന്നു.

ബിനീഷ് കോടിയേരിയുടെ ഈ കേസിലെ പങ്കാളിത്തം സി പി എമ്മിന് നാണക്കേടുണ്ടാക്കുന്നതു തന്നെയാണ്. ബിനീഷ് കോടിയേരിക്ക് പാർട്ടിയുമായി യാതൊരു ബന്ധവും ഇല്ലെന്ന് നേതാക്കൾ പലകുറി ആവർത്തിക്കുന്നുണ്ടെങ്കിലും, പാർട്ടിയെ നയിക്കുന്ന സെക്രട്ടറിയുടെ മകനെന്നത് തള്ളിക്കളയാനാകുന്നതല്ല, പ്രായപൂർത്തിയായ മകൻ ചെയ്യുന്നതിന് പിതാവ് എന്തിന് ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന് ചോദിക്കുന്നവരും ഉണ്ട്. പക്ഷേ സമൂഹത്തിൽ ഉയരുന്ന ചില ചോദ്യങ്ങളോട് ഉത്തരം പറയാനുള്ള ബാധ്യത പാർട്ടിക്കുണ്ട്. സംസ്ഥാനത്തെ ഉന്നതനായ ഒരു പൊതു പ്രവർത്തകനാണ് കോടിയേരി ബാലകൃഷ്ണൻ. സമൂഹത്തിൽ ഉയർന്നുവരുന്ന ജീർണ്ണതക്കും, സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്കും എതിരെ ബോധവൽക്കരണം നടത്തുന്ന പാർട്ടിയുടെ ഉന്നത നേതാവിന്റെ മകൻ തന്നെ ഇത്തരത്തിലുള്ള ജീർണ്ണതകൾക്ക് അടിമപ്പെട്ട് പോകുന്നത് എങ്ങനെയാണ് പാർട്ടി നേതൃത്വം വിശദീകരിക്കാൻ പോകുന്നത് എന്ന് കണ്ടറിയുക തന്നെ വേണം.

കോടിയേരി ബാലകൃഷ്ണന്റെ മകൻ മയക്കുമരുന്നു കേസിലെ പ്രതിയുമായുള്ള അടുപ്പത്തിന്റെ പേരിൽ അറസ്റ്റിലാകുമ്പോൾ എതിരാളികൾക്ക് ലഭിക്കുന്നത് മൂർച്ചയേറിയ ആയുധം തന്നെയാണ്. ബിനീഷിന് പ്രായം 36. ഇതിനിടയിൽ ബിനീഷ് ഇന്ന് ഇന്ത്യക്കു പുറത്തും ബന്ധങ്ങളുള്ള ഒരു "ബിസിനസ്സുകാരൻ" ആയി മാറുകയായിരുന്നു. എന്നാൽ എങ്ങനെ ബിസിനസ്സുകാരനായി എന്ന ചോദ്യത്തിന് ബന്ധപ്പെട്ടവർക്കാർക്കും ഉത്തരമില്ല. ഇവിടെയാണ് ബിനീഷിന്റെ വളർച്ചയിലെ ദുരൂഹത പുറത്തു വരുന്നത്. തല്ലിയും തല്ലുകൊണ്ടും പേരെടുത്ത എസ് എഫ് ഐക്കാലം മുതൽ ഇപ്പോൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തതുവരെയുള്ള ബിനീഷ് കോടിയേരിയുടെ ജീവിതം സംഭവബഹുലമാണ്.

വിദ്യാർത്ഥി രാഷ്ട്രീയകാലം മുതൽ ബിനീഷ് വാർത്തകളിൽ ഇടം പിടിച്ചിരുന്നു. എസ് എഫ് ഐയുടെ പ്രവർത്തകനായ ബിനീഷ് സമരങ്ങളിലും തല്ലിലും മുമ്പിലായിരുന്നു. സ്വാശ്രയ കോളേജ് പ്രശ്നത്തിൽ രജനി എസ് ആനന്ദിന്റെ ആത്മഹത്യയെ തുടർന്നുണ്ടായ വിദ്യാർത്ഥി പ്രക്ഷോഭത്തിന്റെ മുൻ നിരയിൽ ബിനീഷുണ്ടായിരുന്നു. എന്നാൽ വിദ്യാർത്ഥി നേതാവ് എന്നതിന് പകരം "ഗുണ്ടാ പ്രതിച്ഛായ"യാണ് ബിനീഷ് പൊതു സമൂഹത്തിലുണ്ടാക്കിയത്. ഇതോടെ ബിനീഷ് സജീവ രാഷ്ട്രീയത്തിൽ നിന്ന് അകന്നു. അവിടെ നിന്നാണ് ബിനീഷ് സിനിമയുടെ മായാലോകത്തേക്ക് കടന്നത്. ചില ചിത്രങ്ങളിൽ നായകന്റെ സഹായിയായും വില്ലനുമൊക്കെയായി വേഷമിട്ടു. പിന്നീട് സെലിബ്രിറ്റി ക്രിക്കറ്റ് ലീഗിലും എത്തിപ്പെട്ടു.

ഇതിനിടെ പ്രവാസി വ്യവസായി രവി പിള്ളയുടെ നേതൃത്വത്തിലുള്ള ബിസിനസ് ഗ്രൂപ്പിന്റെ വൈസ് പ്രസിഡണ്ടായി ബിനീഷ് ചുമതലയേറ്റു. ലക്ഷങ്ങളാണ് പ്രതിമാസ ശമ്പളം വാങ്ങിയിരുന്നത്. എന്നാൽ കുറച്ചു നാൾ കഴിഞ്ഞപ്പോൾ ഈ ജോലി മതിയാക്കി. ഇവിടെ നിന്നുമാണ് ബിനീഷ് പെട്ടെന്ന് വളർന്നതും "ബിസിനസ്സുകാരൻ" ആയി മാറിയതും. ലക്ഷങ്ങൾ കടം കൊടുക്കുന്ന തലത്തിലേക്ക് വളരുകയായിരുന്നു.

ഒരു വേളയിൽ ബിനീഷ് തന്നെ പറഞ്ഞതു പോലെ സദ്യക്ക് അച്ചാർ വിളമ്പുന്നതുപോലെ എല്ലാ വിവാദ സംഭവങ്ങൾക്കൊപ്പവും ബിനീഷിന്റെ പേരും ചർച്ചയാകുന്നത് കേരളം കണ്ടു. എന്നാൽ ഒന്നിനും നിയമ നടപടികൾ ഉണ്ടായിട്ടില്ലെന്നതാണ് ഏറെ ശ്രദ്ധേയം.

കവിയൂർകേസിൽ സംശയിക്കപ്പെട്ടുവെങ്കിലും സി ബി ഐയുടെ കുറ്റപത്രത്തിൽ ബിനീഷിന്റെ പേരുണ്ടായിരുന്നില്ല."ടോട്ടൽ ഫോർ യു" സാമ്പത്തിക തട്ടിപ്പ് കേസുമായി ബന്ധപ്പെട്ടും ബിനീഷിന്റെ പേര് ഉയർന്നുവന്നു. കോളിളക്കം സൃഷ്ടിച്ചപ്പോൾ മുത്തൂറ്റ് വധക്കേസിലെ പ്രതിയായ ഓംപ്രകാശുമായി അടുത്ത ബന്ധമുണ്ടെന്നും ഓം പ്രകാശിനെ സംരക്ഷിച്ചത് ബിനീഷ് ആണെന്നുമായിരുന്നു മറ്റൊരു ആരോപണം. എന്നാൽ ഇതും തെളിയിക്കാനായില്ല. 2017-ൽ പ്രമുഖ നടിയെ തട്ടിക്കൊണ്ടുപോയ കേസ് വന്നപ്പോഴും ബിനീഷിന്റെ പേര് ഉയർന്നുവന്നു.

വിവാദനായകനായിരിക്കുമ്പോഴും പാർട്ടി അംഗമല്ലാതിരുന്നിട്ടും പാർട്ടി പരിപാടികളുടെയും സമ്മേളനങ്ങളുടെയും ഇവന്റ് മാനേജ്മെന്റ് ചുമതല ബിനീഷിനായിരുന്നു.

വിവാദങ്ങൾ എന്നും കോടിയേരി ബാലകൃഷ്ണന്റെയും കൂടപ്പിറപ്പായിരുന്നു. കോടിയേരി ബാലകൃഷ്ണൻ ഉന്നതനായ രാഷ്ട്രീയ നേതാവാണ്. മികച്ച സംഘാടകനാണ്. അതിലുപരി നല്ലൊരു ഭരണാധികാരിയും കൂടിയായിരുന്നു. വിദ്യാർത്ഥി പ്രസ്ഥാനത്തെ നയിച്ചു പടിപടിയായി ഉയർന്നാണ് അദ്ദേഹം പാർട്ടി സംസ്ഥാന സെക്രട്ടറി പദവിയിൽ വരെ എത്തിയത്. പിണറായി വിജയനു ശേഷം പാർട്ടിയെ നയിക്കുന്ന കോടിയേരി അടുത്ത മുഖ്യമന്ത്രിയായും ഉയർത്തി കാണിക്കപ്പെട്ടിരുന്നു. എന്നാൽ, കുടുംബാംഗങ്ങൾ അദ്ദേഹത്തിന്റെ സാധ്യതകൾക്ക് മങ്ങലേൽപ്പിക്കുകയാണ്. മക്കളായ ബിനോയിയും ബിനീഷും ചില്ലറ ബുദ്ധിമുട്ടുകളല്ല കോടിയേരിക്ക് സമ്മാനിച്ചതും സമ്മാനിച്ചുകൊണ്ടിരിക്കുന്നതും. വി എസ് അച്ചുതാനന്ദന്റെ ഭരണകാലത്ത് കോടിയേരി ആഭ്യന്തരമന്ത്രിയായിരിക്കേ, കാടാമ്പുഴ ക്ഷേത്രത്തിൽ ഭാര്യ വിനോദിനി അദ്ദേഹത്തിന്റെ പേരിൽ പൂമൂടൽ നടത്തിയെന്നതു വൻ വിവാദമായിരുന്നു.

സി പി എം നടത്തിയ ജനജാഗ്രതാ യാത്രയ്ക്കിടെ സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുടെ കാറിൽ കോടിയേരി ബാലകൃഷ്ണൻ സഞ്ചരിച്ചതും വിവാദമായിരുന്നു.

**യു കെ ദിനേശൻ**

*കാസർകോട് മാർക്കറ്റ് ഹിൽറോഡ് എൽ. എ. മെഹമൂദ് ഹാജി ഉദ്ഘാടനം ചെയ്യുന്നു*

## മാർക്കറ്റ് ഹിൽറോഡ് ഉദ്ഘാടനം ചെയ്തു

കാസർകോട്: നഗരസഭാ ഫിഷ് മാർക്കറ്റ് ഹിൽ റോഡ് മുൻസിപ്പൽ വൈസ് ചെയർമാൻ എൽ. എ. മെഹമൂദ് ഹാജി ഉദ്ഘാടനം ചെയ്തു. കൗൺസിലർ റാഷിദ് ആധ്യക്ഷം വഹിച്ചു. ആഷിഫ്, റഫീഖ് മശ്രിക്, സിദ്ദീഖ്, നൗശാദ്, ശാഹുൽ ഹമീദ്, ഷെരീഫ്, എം. എ. സക്കരിയ, ഗംഗാധരൻ, സതീശൻ, ജാഫർ കമാൽ, ഷാനവാസ്, നൗശാദ്, മൊയ്തീൻ, മുജീബ് പ്രസംഗിച്ചു.

*കേരള പിറവി ദിനത്തിന്റെ ഭാഗമായി വണ്ണാത്തിക്കാനം ഓർമ്മ വായനശാലയിൽ വനിതാവേദിയുടെ നേതൃത്വത്തിൽ നടന്ന പരിപാടി മിനി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു*

## ബി ജെ പി യിൽ ചേർന്നു

നീലേശ്വരം: ചാത്തമത്ത് നിന്ന് സി.പി.എം കുടുംബം ബി ജെ പി യിൽ ചേർന്നു. നീലേശ്വരത്തെ സി ഐ ടി യു ഓട്ടോറിക്ഷ തൊഴിലാളി നേതാവായ മദനനും കുടുംബവുമാണ് ബി ജെ പി യിൽ ചേർന്നത്. ബിജെപി ജില്ലാ അധ്യക്ഷൻ കെ.ശ്രീകാന്ത് ഷാൾ അണിയിച്ച് ഇവരെ ബി ജെ പി യിലേക്ക് സ്വീകരിച്ചു. സി.വി സുരേഷ്, പി.വി. സുകുമാരൻ സാഗർ ചാത്തമത്ത്, ശ്രീകുമാർ ചാത്തമത്ത്, സുധീഷ് ചാത്തമത്ത്, സുനിൽ കുമാർ ചാത്തമത്ത് പങ്കെടുത്തു.

## യു. ഡി. എഫ് വഞ്ചനാദിനം ആചരിച്ചു

കാഞ്ഞങ്ങാട്: :അഴിമതിക്കാരായ മുഖ്യമന്ത്രിയും മന്ത്രിമാരും രാജിവെക്കണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ് സംസ്ഥാനത്ത് വഞ്ചനാദിനം ആചരിച്ചു. അജാനൂർ പഞ്ചായത്ത് പതിനേഴാം വാർഡ് യു.ഡി.എഫ്. കമ്മിറ്റി അജാനൂർ കടപ്പുറം പ്രൈമറി ഹെൽത്ത് സെന്ററിന് മുന്നിൽ നടത്തിയ ധർണ്ണ മുസ്ലിം ലീഗ് ദേശീയ കൗൺസിൽ അംഗം എ.ഹമീദ് ഹാജി ഉൽഘാടനം ചെയ്തു. പി.പി. കുഞ്ഞബ്ദുല്ല അദ്ധ്യക്ഷം വഹിച്ചു. മൂലക്കണ്ടത്ത് എട്ടാം വാർഡ് യു.ഡി.എഫ് കമ്മററിയുടെ ആഭിമുഖ്യത്തിൽ വഞ്ചനാദിനം ആചരിച്ചു. ബ്ലോക്ക് കോൺഗ്രസ് ജനറൽ സെക്രട്ടറി ദിനേശൻ ഉദ്ഘാടനം ചെയ്തു. എം.നാരായണൻ ആധ്യക്ഷം വഹിച്ചു.

അജാനൂർ പഞ്ചായത്ത് പതിനാലാം വാർഡിൽ മണ്ഡലം മുസ്ലിം ലീഗ് വൈ.പ്രസിഡണ്ട് തെരുവത്ത് മൂസ്സഹാജി ഉദ്ഘാടനം ചെയ്തു. എൻ.വി. ബാലചന്ദ്രൻ നായർ ആധ്യക്ഷം വഹിച്ചു. കിനാനൂർ കരിന്തളം മണ്ഡലം കാറളം 5-ാം വാർഡ് കോൺഗ്രസ് കമ്മറ്റിയുടെ നേതൃത്വത്തിൽ കാട്ടിപ്പൊയിലിൽ സ്പീക്കപ്പ് കേരള ക്യാമ്പയിന്റെ ഭാഗമായി ധർണാ സമരം നടത്തി. ബാലഗോപാലൻ കാളിയാനം ആധ്യക്ഷം വഹിച്ചു.ബാബു ചേമ്പേന ഉദ്ഘാടനം ചെയ്തു. പുല്ലൂർ-പെരിയ അഞ്ചാം വാർഡ് കമ്മിറ്റിയുടെ നേതൃത്വത്തിൽ താന്നിയടിൽ നടന്ന ധർണ്ണാസമരം കേരള കോൺഗ്രസ് സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റി അംഗം ജോർജ് പൈനാപ്പള്ളി ഉദ്ഘാടനം ചെയ്തു. ബെന്നി വർഗ്ഗീസ് ആധ്യക്ഷം വഹിച്ചു.

## കേരള പിറവി ദിനം ആഘോഷിച്ചു

രാജപുരം: കേരള പിറവി ദിനത്തിന്റെ ഭാഗമായി വണ്ണാത്തിക്കാനം ഓർമ്മ വായനശാലയിൽ വനിതാവേദിയുടെ നേതൃത്വത്തിൽ നടന്ന പരിപാടി മിനി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. ഷീജ ബെന്നി അധ്യക്ഷയായി.

ഇ രാജി, ഖദീജ എന്നിവർ സംസാരിച്ചു. ദൈനബി സ്വാഗതവും, സൗമ്യ അജേഷ് നന്ദിയും പറഞ്ഞു.

## കേരള കോൺഗ്രസ് കൺവെൻഷൻ നടത്തി

കാസർകോട്: കേരള കോൺഗ്രസ് (ബി) ജില്ലാ കമ്മിറ്റി യോഗം കർമ്മന്തോടിയിൽ നടന്നു. ജില്ലാ പ്രസി. എ കുഞ്ഞിരാമൻ നായർ ആധ്യക്ഷം വഹിച്ചു. അബ്രഹാം വർഗ്ഗീസ്, പി ടി നന്ദകുമാർ, ചാലിൽ, സി എൻ ഹമീദ് കൊള്ളച്ചെപ്പ് സംസാരിച്ചു. ഭാരവാഹികൾ: എ കുഞ്ഞിരാമൻ നായർ(പ്രസി.), രാജൻ ചാത്തങ്കൈ(വൈ. പ്രസി.), രവീന്ദ്രൻ കാനംകോട്(ജന. സെക്ര.), മോഹനൻ ബേപ്പ്(കാസർകോട് നിയോജക മണ്ഡലം പ്രസിഡണ്ട്).

*ചാത്തമത്ത് നിന്ന് ബി ജെ പിയിൽ ചേർന്നവരെ ജില്ലാ പ്രസിഡണ്ട് കെ ശ്രീകാന്ത് സ്വീകരിക്കുന്നു*

## ചികിത്സാ സഹായ ഫണ്ട് കൈമാറി

കാഞ്ഞങ്ങാട്: പി.കെ. രാജന്റെ ചികിത്സാ ഫണ്ടിലേക്ക് കോട്ടച്ചേരി സി പി എം ടൗൺ ബ്രാഞ്ച് സ്വരൂപിച്ച തുക ബ്രാഞ്ച് സെക്രട്ടറി പി. എം. വിജയൻ പാർട്ടി എ. സി. മെമ്പർ പി. നാരായണന് കൈമാറി. ഗോപി, സിബി പോൾ, ബാലചന്ദ്രൻ, ജേക്കബ്ബ്, ശ്രീശൻ, സി എച്ച് അഷ്റഫ് സംബന്ധിച്ചു.

*മുഖ്യമന്ത്രിയുടെ രാജിയാവശ്യപ്പെട്ട് യു ഡി എഫിന്റെ നേതൃത്വത്തിൽ നടന്ന വഞ്ചനാദിനാചരണം*

## വയലാർ രാമവർമ്മ അനുസ്മരണം

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് മുനിസിപ്പൽ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വയലാർ സ്മൃതി- വയലാർ രാമവർമ്മ അനുസ്മരണം ഓൺലൈനായി സംഘടിപ്പിച്ചു. നഗരസഭാ ചെയർമാൻ വി.വി. രമേശൻ ഉദ്ഘാടനം ചെയ്തു. കവി ദിവാകരൻ വയലാർ അനുസ്മരണ പ്രഭാഷണം നടത്തി. കവയിത്രി സി.പി.ശുഭ, കുഞ്ഞിക്കണ്ണൻ, മുഹമ്മദ് ഹാഫിൽ, കുഞ്ഞമ്പു പൊതുവാൾ, ബാലകൃഷ്ണൻ, ഇ.വി. കൃഷ്ണൻ, ദേവിക, യമുന, സംഗീത.ടി, ചന്ദ്രൻ.ടി.യു, ഡോ.പ്രേംരാജ്, ശ്രീകണ്ഠൻ കെ എൻ, അരവിന്ദാക്ഷൻ.പി, ലൈബ്രേറിയൻ രഘുനാഥൻ, ഊർമ്മിള, എ.കെ. ആൽബെർട്ട്, ആദർശ്, സുനിൽകുമാർ.ടി പ്രസംഗിച്ചു.

## ഇ വാഹനങ്ങൾക്ക് ചാർജ്ജിംഗ്: ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ അപേക്ഷ ക്ഷണിച്ചു

കാസർകോട്: ഇ വാഹനങ്ങൾക്ക് ചാർജിങ് സ്റ്റേഷനുകളൊരുക്കാനുള്ള സ്ഥലങ്ങൾക്കായി സ്വകാര്യ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, സ്വകാര്യ വ്യക്തികളിൽ നിന്നും അനെർട്ട് അപേക്ഷ ക്ഷണിച്ചു. സംസ്ഥാന സർക്കാറിന്റെ ഇ മൊബിലിറ്റി പദ്ധതിയുടെ ഭാഗമായി അനെർട്ടും എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡും സംയുക്തമായാണ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്. ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി എൻ.എച്ച്.മെയിൻ റോഡിന് സമീപം കുറഞ്ഞത് 100 ചതുരശ്ര മീറ്റർ സ്ഥലം ആവശ്യമാണ്. റിഫ്രഷ്മെന്റ് സൗകര്യങ്ങളോട് കൂടിയ സ്ഥലമുടമകൾക്ക് മുൻഗണന ഉണ്ടായിരിക്കും. അനുയോജ്യമായ സ്ഥലവും 80 കിലോവാട്ട് ലോഡ് ലഭ്യമാക്കാനുള്ള സൗകര്യവും വേണം. ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 20 ലക്ഷത്തോളമാണ് ചിലവ് പ്രതീക്ഷിക്കുന്നത്. സർക്കാർ ഭൂമിയാണെങ്കിൽ മുഴുവൻ സംവിധാനവും സൗജ്യമായി അനെർട്ട് ഒരുക്കി നൽകും. പ്രവർത്തിച്ചു തുടങ്ങിയാൽ ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ ഭൂവുടമയ്ക്ക് വാടക നൽകും. സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ ചാർജിങ് സ്റ്റേഷന് സാങ്കേതിക സഹായം മാത്രമാണ് അനെർട്ട് നൽകുന്നത്. താത്പര്യമുള്ള വ്യക്തികൾക്ക് അനെർട്ട് ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് അപേക്ഷിക്കാം. ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായുള്ള സൈറ്റ് സർവ്വെ, സൈറ്റ് സാധ്യത (ഫീസിബിലിറ്റി), ഇ.വി.സി.ഐ മെഷീൻ തിരഞ്ഞെടുക്കുന്നതിനുള്ള സാങ്കേതിക പിന്തുണ, സേവന കണക്ഷനുള്ള പിന്തുണ എന്നിവ അനെർട്ട് നൽകും. ചിലവു കിഴിച്ചുള്ള ലാഭമെല്ലാം ഉടമയ്ക്കുള്ളതാണ്. കൂടുതൽ വിവരങ്ങൾക്ക് അനെർട്ട് കാസർകോട് ജില്ലാ ഓഫീസുമായി ബന്ധപ്പെടണം.

## സമര ശൃംഖലയിൽ അണിചേർന്നു

ഉദുമ: സ്വർണ കള്ളക്കടത്ത് കേസിൽ മുഖ്യ മന്ത്രി രാജിവെക്കുക, ജ്വല്ലറി തട്ടിപ്പ് കേസിലെ പ്രതി യായ മഞ്ചേശ്വരം എംഎൽഎ എം.സി കമറുദ്ദീൻ രാജിവെക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ബി ജെ പി മഞ്ചേശ്വരം മുതൽ പാറശാല വരെ നടത്തിയ സമര ശൃംഖലയിൽ ബിജെപി ഉദുമ പഞ്ചായത്ത് കമ്മറ്റിയും അണിചേർന്നു. വിവിധ കേന്ദ്രങ്ങളിൽ ഉദുമ മണ്ഡലം വൈസ് പ്രസിഡന്റ് തമ്പാൻ അച്ചേരി, വിനായക പ്രസാദ്, മധുസൂദനൻ, വൈ.ശിവരാമൻ, വിനയൻ, പ്രദീപ് എം എന്നിവർ നേതൃത്വം നൽകി.

*മുഖ്യമന്ത്രിയുടെ രാജിയാവശ്യപ്പെട്ട് ഉദുമയിൽ നടന്ന ബി ജെ പി സമരശൃംഖലാ പരിപാടി*